**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 267** — **08-10-2025 - ൽ മറുപടിയ്ക്ക്**

**അന്താരാഷ്ട്ര അഡ്വഞ്ചർ ടൂറിസം മത്സരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ എം മുകേഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | അന്താരാഷ്ട്ര തലത്തിൽ അംഗീകാരം ലഭിച്ച അഡ്വഞ്ചർ ടൂറിസം മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദ വിവരം ലഭ്യമാക്കാമോ; | (എ) | അന്താരാഷ്ട്ര തലത്തിൽ അംഗീകാരം ലഭിച്ച അഡ്വഞ്ചർ ടൂറിസം മത്സരങ്ങൾ കേരളത്തിൽ സംഘടിപ്പിച്ചു വരുന്നു.<br><br>**1 മലബാർ റിവർ ഫെസ്റ്റിവൽ (എം.ആർ.എഫ്)**<br><br>കേരള ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി (കെ.എ.ടി.പി.എസ്.) ഉം ഇന്ത്യൻ കയാക്കിംഗ് ആൻഡ് കനോയിംഗ് അസോസിയേഷനും (ഐ.കെ.സി.എ) സംഘടിപ്പിക്കുന്ന ഒരു അന്താരാഷ്ട്ര കയാക്കിംഗ് മത്സരമാണ് മലബാർ റിവർ ഫെസ്റ്റിവൽ. ദക്ഷിണേന്ത്യയിൽ വൈറ്റ് വാട്ടർ കയാക്കിംഗ് കായിക വിനോദത്തെ പ്രോത്സാഹിപ്പിക്കുകയും അന്താരാഷ്ട്ര ശ്രദ്ധ നേടുകയും ചെയ്യുക എന്നതാണ് ഈ മത്സരം സംഘടിപ്പിക്കുന്നതിന്റെ പ്രധാന ലക്ഷ്യം.<br><br>കയാക്ക് സ്ലാലോം, ബോട്ടർ ക്രോസ്, ഡൗൺ റിവർ എന്നിവ ചാലിപ്പുഴയിലും ഇരുവഞ്ഞിപ്പുഴയിലും (കോഴിക്കോട്) സംഘടിപ്പിക്കുന്നു. വിദേശ രാജ്യങ്ങളിൽ നിന്നുള്ള നിരവധി കയാക്കർമാർ എല്ലാ വർഷവും മലബാർ റിവർ ഫെസ്റ്റിവലിൽ പങ്കെടുക്കുന്നു. 2022, 2023, 2024, 2025 വർഷങ്ങളിൽ എം.ആർ.എഫ് വളരെ മികച്ച രീതിയിൽ സംഘടിപ്പിച്ചിട്ടുണ്ട്. കയാക്ക് സ്ലാലോം, ബോട്ടർ ക്രോസ്, ഡൗൺ റിവർ മത്സരങ്ങൾ ഉൾപ്പെട്ട ഈ പരിപാടി ലോകമെമ്പാടുമുള്ള പങ്കാളികളെ ആകർഷിച്ചു. 16 അന്താരാഷ്ട്ര കയാക്കർമാർ പങ്കാളികളായി. 60-ലധികം നാഷണൽ കയാക്കർ മാരും ഇതിൽ പങ്കെടുത്തു. ദേശീയ അന്തർദേശീയ സഞ്ചാരികളെ ആകർഷിക്കുവാൻ ഇതിലൂടെ സാധിക്കുന്നു. |

**2 ഇന്റർനാഷണൽ ടോപ്പ് ലാൻഡിങ് പാരാഗ്ലൈഡിങ് ഫെസ്റ്റിവൽ വാഗമൺ.**

ഇടുക്കി ജില്ലയിലെ വാഗമണിലാണ് ഇന്റർനാഷണൽ പാരാഗ്ലൈഡിംഗ് ഫെസ്റ്റിവൽ, വാഗമൺ ഇന്റർനാഷണൽ ആക്യുറസി കപ്പ് സംഘടിപ്പിക്കുന്നത്. കേരള ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ, ഫെഡറേഷൻ എയറോനോട്ടിക് ഇന്റർനാഷണൽ (FAI), എയ്റോ ക്ലബ് ഓഫ് ഇന്ത്യ (ACI) എന്നിവയുടെ സാങ്കേതിക പിന്തുണയോടെ, കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി (KATPS) ആണ് ഈ പരിപാടി സംഘടിപ്പിക്കുന്നത്. FAI വേൾഡ് എയർ സ്പോർട്സ് ഫെഡറേഷൻ എന്നും അറിയപ്പെടുന്നു. വാഗമൺ ഇന്റർനാഷണൽ അക്യുറസി കപ്പ് 2025 ലോകത്തിലെ ആദ്യത്തെ മികച്ച ലാൻഡിംഗ് മത്സരമായിരുന്നു. 5 ദിവസം നീണ്ടുനിൽക്കുന്ന ഇന്ത്യയിലെ ഏറ്റവും വലിയ എയ്റോ സ്പോർട്സ് സാഹസിക ഉത്സവമാണിത്. ലോകമെമ്പാടുമുള്ള (ഫ്രാൻസ്, ജർമ്മനി, ഇറ്റലി, ന്യൂസിലാൻഡ്, ഓസ്ട്രേലിയ, യുഎസ്, യുകെ, നേപ്പാൾ, ബെൽജിയം, സ്പെയിൻ, സ്വിറ്റ്സർലൻഡ്, തുർക്കി, ബ്രസീൽ, ജോർജിയ, മലേഷ്യ, തായ്‌ലൻഡ്, ഭൂട്ടാൻ, പെറു, ചെക്ക് റിപ്പബ്ലിക്, നോർവേ, സ്വീഡൻ, കാനഡ, ഡെൻമാർക്ക് മുതലായവ) സാഹസികർ പങ്കെടുക്കുന്ന ഈ ഫെസ്റ്റിവലിൽ ആഭ്യന്തര മത്സരാർത്ഥികളും (ഡൽഹി, ഹിമാചൽ പ്രദേശ്, മഹാരാഷ്ട്ര, കർണാടക, തമിഴ്‌നാട്, ഗോവ, സിക്കിം, ഉത്തരാഖണ്ഡ്, അരുണാചൽ പ്രദേശ്) പങ്കെടുത്തു. 2024 ലും 2025 ലും അന്താരാഷ്ട്ര പാരാഗ്ലൈഡിംഗ് ഫെസ്റ്റിവൽ വളരെ മികച്ച രീതിയിൽ സംഘടിപ്പിച്ചിട്ടുണ്ട്.

**3 ഇന്റർനാഷണൽ സർഫിംഗ് ഫെസ്റ്റിവൽ വർക്കല.**

കേരള ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ, സർഫിംഗ് ഫെഡറേഷൻ ഓഫ് ഇന്ത്യ (എസ്.എഫ്.ഐ), ഇന്റർനാഷണൽ സർഫിംഗ് അസോസിയേഷൻ (ഐ.എസ്.എ) എന്നിവയുടെ സാങ്കേതിക പിന്തുണയോടെ, കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി (കെ.എ.ടി.പി.എസ്.) ആണ് മത്സരം സംഘടിപ്പിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ വർക്കലയിലെ ഇടവ, വെറ്റക്കട ബീച്ചുകളിലാണ് മത്സരങ്ങൾ നടക്കുന്നത്. ഇന്ത്യയിൽ സർഫിംഗ് കായിക വിനോദത്തെ പ്രോത്സാഹിപ്പിക്കുകയും കേരളത്തെ ഇന്ത്യയിലെ ഒരു പ്രധാന സർഫ് ഡെസ്റ്റിനേഷനാക്കി മാറ്റുകയും

ചെയ്യുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം. 2024 ലും 2025 ലും അന്താരാഷ്ട്ര സർഫിംഗ് ഫെസ്റ്റിവൽ വളരെ മികച്ച രീതിയിൽ സംഘടിപ്പിച്ചിട്ടുണ്ട്.

**<u>4. എം.ടി.ബി കേരള മൗണ്ടൻ ടെറൈൻ ബൈക്കിംഗ് മത്സരം</u>**

കേരളത്തിലെ മൗണ്ടൻ ടെറൈൻ ബൈക്കിംഗ് പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാ വർഷവും സംഘടിപ്പിക്കുന്ന ഒരു അന്താരാഷ്ട്ര മൗണ്ടൻ സൈക്ലിംഗ് മത്സരമാണ് എംടിബി കേരള. സൈക്ലിംഗ് ഫെഡറേഷൻ ഓഫ് ഇന്ത്യ (സിഎഫ്ഐ), കേരള സൈക്ലിംഗ് അസോസിയേഷൻ (കെസിഎ) എന്നിവയുടെ സാങ്കേതിക പിന്തുണയോടെ, കേരള ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി (കെ.എ.ടി.പി.എസ്.) ആണ് ഈ പരിപാടി സംഘടിപ്പിക്കുന്നത്. 2018 ലും 2019 ലും എംടിബി കേരള വളരെ മികച്ച രീതിയിൽ സംഘടിപ്പിച്ചു. വയനാട് ജില്ലയിലെ മാനന്തവാടിയിൽ 2026 ജനുവരിയിൽ സംഘടിപ്പിക്കുന്ന അന്തർദേശീയ സൈക്ലിംഗ് ചാമ്പ്യൻഷിപ്പിൽ 25 രാജ്യങ്ങളെ പ്രതിനിധീകരിച്ചുള്ള മത്സരാർത്ഥികൾ പങ്കെടുക്കുന്നതാണ് .

**<u>5 ബേപ്പൂർ ഇന്റർനാഷണൽ വാട്ടർ ഫെസ്റ്റ്:</u>**

കേരളത്തിലെ ജല സാഹസിക ടൂറിസത്തിന് പുതിയ ദിശാബോധം നൽകുന്നതിനായി ടൂറിസം വകുപ്പും കോഴിക്കോട് ഡിടിപിസിയും ചേർന്ന് സംഘടിപ്പിക്കുന്ന ഒരു ഉത്സവമാണ് ബേപ്പൂർ അന്താരാഷ്ട്ര ജലമേള. ഇത് കേരളത്തിന് പുതിയ ജല സാഹസികതകൾ പരിചയപ്പെടുത്തുന്നു. സെയിലിംഗ് , ഫ്ലൈ ബോർഡ് , ജെറ്റ് സ്കീ , സീ കയാക്ക് , സീ റാഫ്റ്റിംഗ് , കൈറ്റ് ഫെസ്റ്റിവൽ, പാരാ മോട്ടോറിംഗ് , കൺട്രി ബോട്ട് റേസ് , ട്രഷർ ഹണ്ട് , ബാംബൂ റാഫ്റ്റിംഗ് , നെറ്റ് ത്രോയിംഗ് , ആംഗ്ലിംഗ് തുടങ്ങിയ പ്രാദേശിക പരിപാടികൾ ഈ ഉത്സവത്തിൽ ഉൾപ്പെടുന്നു. 2022, 2023, 2024 വർഷങ്ങളിൽ ബേപ്പൂർ അന്താരാഷ്ട്ര ജലമേള വളരെ മികച്ച രീതിയിൽ സംഘടിപ്പിച്ചിട്ടുണ്ട് . സാഹസിക വാട്ടർ ആക്ടിവിറ്റീസിന്റെ മത്സരങ്ങളും നിരവധി നൂതന ജലസാഹസിക പ്രദർശനങ്ങളും സംഘടിപ്പിക്കുന്നു. എല്ലാതരത്തിലുമുള്ള ജലസാഹസിക ആക്ടിവിറ്റികൾക്കും കേരളം അനുയോജ്യമാണെന്ന് ലോകത്തെ ബോധ്യപ്പെടുത്തുന്നതിന് ഇത്തരം ഇവന്റുകൾ സഹായിക്കുന്നു.

| | | | |
|---|---|---|---|
| (ബി) | അന്താരാഷ്ട്ര അഡ്വഞ്ചർ ടൂറിസം മത്സരങ്ങൾ നടത്തുന്നത് വഴി സംസ്ഥാനത്തിന് ലഭിക്കുന്ന നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | അന്താരാഷ്ട്ര അഡ്വഞ്ചർ ടൂറിസം മത്സരങ്ങൾ സംഘടിപ്പിക്കുന്നതു വഴി നിരവധി ഗുണങ്ങളാണ് സംസ്ഥാനത്തിന് ലഭിക്കുന്നത് . ഇത്തരം അന്തർദേശീയ മത്സരങ്ങൾ സംഘടിപ്പിക്കുമ്പോൾ അതിന്റെ മാർക്കറ്റിംഗ് മറ്റു സംസ്ഥാനങ്ങളിലും രാജ്യത്തിന് പുറത്തും നടത്തുന്നതു വഴി ഇത്തരം മത്സരങ്ങൾ കാണുന്നതിനായി നിരവധി വിദേശ ടൂറിസ്റ്റുകളും മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള സഞ്ചാരികളും കേരളത്തിലേക്ക് വരുന്നുണ്ട് . ടൂറിസം വഴിയുള്ള വരുമാനം വർദ്ധിക്കുന്നതിനും ഇത് സഹായിക്കും. ഇത്തരം സാഹസിക മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് നിരവധി വിദേശ താരങ്ങളും, മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള താരങ്ങളും എത്തിച്ചേരുന്നു. ഈ മത്സരങ്ങളുടെ പ്രാക്ടീസിനായി താരങ്ങളെല്ലാം മാസങ്ങൾക്ക് മുന്നേ തന്നെ ഇത്തരം പ്രദേശങ്ങളിൽ എത്തിച്ചേരുകയും അവിടെ താമസിച്ച് പരിശീലനം നടത്തുന്നതു വഴി ആ പ്രദേശങ്ങളിൽ നല്ല വരുമാനമാർഗങ്ങൾ ഉണ്ടാകുന്നു. ഈ അന്തർദേശീയ മത്സരങ്ങൾ എല്ലാം തന്നെ ഒളിമ്പിക് ഇവന്റുകളാണ് . ഇത്തരം ഇവന്റുകൾ നമ്മുടെ സംസ്ഥാനത്ത് സംഘടിപ്പിക്കുമ്പോൾ പ്രാദേശികമായി കൂടുതൽ ആളുകൾ ഇത്തരം സാഹസിക ഇവന്റുകൾ പരിശീലിക്കുകയും ദേശീയതലത്തിലും അന്തർദേശീയ തലത്തിലും കേരളത്തെയും ഇന്ത്യയെയും പ്രതിനിധീകരിച്ച് വിവിധങ്ങളായ ഇവന്റുകളിൽ പങ്കെടുക്കുന്നതിന് അവസരം ലഭിക്കുകയും ചെയ്യുന്നു. |
| (സി) | കേരളത്തെ അന്താരാഷ്ട്ര അഡ്വഞ്ചർ ടൂറിസം മാപ്പിൽ ഉൾപ്പെടുത്തുന്നതിനായി നടത്തുന്ന പ്രചരണ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; | (സി) | കേരളത്തെ അന്താരാഷ്ട്ര അഡ്വഞ്ചർ ടൂറിസം മാപ്പിൽ ഉൾപ്പെടുത്തുന്നതിനായി അന്തർദേശീയ ഇവന്റുകൾ വലിയ സഹായമാണ് നൽകുന്നത്. എം.ടി.ബി കേരള വേൾഡ് സൈക്ലിംഗ് അസോസിയേഷന്റെ സാങ്കേതിക സഹകരണത്തോടെയാണ് നടത്തുന്നത് . വേൾഡ് ഇവന്റ് കലണ്ടറിൽ എം.ടി.ബി. കേരള ഇടം പിടിച്ചിട്ടുണ്ട് .<br><br>അതുപോലെ തന്നെ ISF (ഇന്റർനാഷണൽ സർഫിങ് ഫെഡറേഷൻ) അവരുടെ ഇവന്റ് കലണ്ടറിൽ വർക്കല ഇന്റർനാഷണൽ സർഫിങ് ഫെസ്റ്റിവലും ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>FAI ഫെഡറേഷൻ ഓഫ് ഇന്റർനാഷണൽ ഏറോനാറ്റിക്കലി പാരാഗ് ലോക ഫെഡറേഷൻ ആണ് . അവരുടെ ഇവന്റ് കലണ്ടറിൽ വാഗമൺ പാരാഗ് ഫെസ്റ്റിവൽ ഇടം പിടിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഇത്തരം ഇവന്റുകൾ കാണുന്നതിനും പങ്കെടുക്കുന്നതിനുമായി നിരവധി സാഹസിക ടൂറിസം പ്രേമികൾ ആണ് കേരളത്തെപ്പറ്റി അറിയുകയും വന്നെത്തുകയും ചെയ്യുന്നത്. കൂടാതെ കേരള ടൂറിസം വിവിധ സംസ്ഥാനങ്ങളിലും ലോകത്തിലെ തന്നെ പ്രധാനപ്പെട്ട ടൂറിസം ഫെസ്റ്റിവലുകളിലെല്ലാം കേരളത്തിന്റെ അഡ്വഞ്ചർ ടൂറിസം ഇവന്റുകളും സാധ്യതകളും മാർക്കറ്റ് ചെയ്യുന്നുണ്ട്. കൂടാതെ കേരള ടൂറിസത്തിന്റെയും സാഹസിക ടൂറിസത്തിന്റെയും വെബ്സൈറ്റുകൾ വഴിയും ഓൺലൈൻ പ്ലാറ്റ്ഫോമുകളിലും സാഹസിക ടൂറിസത്തെ നന്നായി മാർക്കറ്റ് ചെയ്യുന്നുണ്ട്. ഇത് കേരള ടൂറിസത്തിന് വലിയ മുതൽക്കൂട്ടാണ്. ഇത് കാലാവസ്ഥയ്ക്ക് അനുസരിച്ച് മത്സരങ്ങൾ നടത്തി തീർക്കുന്നതിന് ടൂറിസം ഡിപ്പാർട്ട്മെന്റിനെ സഹായിക്കുന്നുണ്ട്. |
| (ഡി) | അഡ്വഞ്ചർ ടൂറിസം മത്സരങ്ങൾ നടത്തുന്നതിനായി പ്രത്യേക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | കേരളത്തിൽ സാഹസിക മത്സരങ്ങൾ നടത്തുന്നതിനായി എല്ലാ വർഷവും അഡ്വഞ്ചർ ടൂറിസത്തിന്റെ ഇവന്റ് കലണ്ടർ വർഷം ആദ്യം തന്നെ പ്രസിദ്ധീകരിക്കുന്നതാണ് . അതതു പ്രദേശത്തെ കാലാവസ്ഥകൾ മുൻകൂട്ടി വിശകലനം ചെയ്തിട്ടായിരിക്കും ടൂറിസം ഡിപ്പാർട്ട്മെന്റ് ഇത്തരം ഇവന്റുകൾ ഓരോ വർഷവും പ്ലാൻ ചെയ്യുന്നത് . കാലാവസ്ഥയ്ക്കും ഭൂപ്രകൃതിക്കും അനുസരിച്ചായിരിക്കും സാഹസിക ഫെസ്റ്റിവലുകൾ സംഘടിപ്പിക്കുന്നത് . ഓരോ ഈവന്റുകൾക്കും അതിന്റേതായ സീസൺ മുൻകൂട്ടി കണ്ടാണ് ഇവന്റ് കലണ്ടർ തയ്യാറാക്കുന്നത് . ഓരോ ഇവന്റുകളുടെയും ടെക്നിക്കൽ ടീമുകളുമായി കൂടിയാലോചനകളും മീറ്റിങ്ങുകളും നടത്തിയാണ് മത്സരക്രമങ്ങൾ തയ്യാറാക്കുന്നത് . ഇത് കാലാവസ്ഥയ്ക്ക് അനുസരിച്ച് മത്സരങ്ങൾ നടത്തി തീർക്കുന്നതിന് ടൂറിസം ഡിപ്പാർട്ട്മെന്റിനെ സഹായിക്കുന്നുണ്ട് . |

സെക്ഷൻ ഓഫീസർ